പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T8297. 25-07-2012 - ൽ മറുപടിയ്ക്ക്

## സംയോജിത നീർത്തട പരിപാലന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ പൊതു മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി, മുൻ പദ്ധതികൾക്ക് സംഭവിച്ച ന്യൂനതകൾ പരിഹരിച്ച് കൊണ്ട് പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്തി രാജ് സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത് പദ്ധതി ആസൂത്രണത്തിനും നിർവഹണത്തിനും മോണിറ്ററിംഗിനും പ്രത്യേകമായ ഭരണ സംവിധാനവും സാങ്കേതിക സംവിധാനവും അനുവദിക്കപ്പെട്ടിട്ടുണ്ട്. സൂക്ഷ്മ നിർത്തടങ്ങൾ ഒരു യൂണിറ്റായി എടുക്കുന്നതിന് പകരം ഇത്തരം സൂക്ഷ്മ നീർത്തടങ്ങൾ ഉൾപ്പെടുത്തി 5000 മുതൽ 6000 ഹെക്ടർ വരെയുള്ള നീർത്തട കൂട്ടങ്ങൾ ഒന്നായി കണ്ടെത്തി (Cluster of water Shed) അവയെ സമഗ്രമായി പരിപാലിക്കുന്ന സമീപനരീതിയാണ് IWMP യിൽ അവലംബിക്കുന്നത്.<br>ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലും ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തത്തിലുമാണ് സംസ്ഥാനത്ത് പദ്ധതി നിർവഹണം നടത്തുന്നത്. മലമ്പ്രദേശ ജില്ലകളിൽ ഹെക്ടർ ഒന്നിന് |

15,000/- രൂപയും മറ്റു ജില്ലകളിൽ 12,000/- രൂപയും ഒരു ഹെക്ടറിന് പ്രോജക്ട് കോസ്റ്റായി നിശ്ചയിക്കപ്പെട്ടിരുന്നു. IWMP യുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട സമയപരിധി 3-4 വർഷം വരെയാണ്. മൂന്ന് ഘട്ടങ്ങളായി പദ്ധതി നടപ്പാക്കുക. പ്രാരംഭഘട്ടം, നിർവഹണഘട്ടം, തുടർ പ്രവർത്തനഘട്ടം എന്നിവയാണ് ഈ മൂന്നു ഘട്ടങ്ങൾ.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്കുവേണ്ടി എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; | (ബി) | കേന്ദ്ര സംസ്ഥാന വിഹിതമായി 28.96 കോടി രൂപ ലഭിച്ചതിൽ 21.33 കോടി രൂപ ജില്ലകൾക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 84.3 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശികയായി എത്രരൂപ കൊടുക്കാനുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ? | (സി) | കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ തുകയൊന്നും തന്നെ നൽകാനില്ല. ജില്ലകൾക്ക് നൽകിയിട്ടുള്ള തുക ആവശ്യാനുസരണം, പദ്ധതി നിർവഹണം നടത്തുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**